രക്ഷയുടെ പാതയിൽ-൭



൭

# സഭ ആരാധന സമൂഹം

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

# ഉള്ളടക്കം

1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

പാഠം 12

# തിരുപ്പട്ടം



എന്നെ അനുഗമിക്കുക: ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കാം.

ദൈവരാജ്യത്തിന്റെ ഈ ശുശ്രൂഷ ഇന്നു പ്രത്യേകമാംവിധം ഈശോ നല്കിയിരിക്കുന്നത് പുരോഹിതർക്കാണ്. തിരുപ്പട്ട കൂദാശയിലൂടെ യുഗാന്ത്യത്തോളം ഈ ദൗത്യം സഭയിൽ നിർവഹിക്കപ്പെടുന്നു.



1. പൗരോഹിത്യം പഴയനിയമത്തിൽ
2. പുരോഹിതൻ മുൻപിൽ വയ്ക്കപ്പെട്ടവൻ
3. പൊതുപൗരോഹിത്യം
4. ശുശ്രൂഷാപൗരോഹിത്യം
5. ശ്ലീഹാന്മാരുടെ സഹശുശ്രൂശകർ
6. ശ്ലീഹന്മാരുടെ പിന്തുടർച്ചയും പരിശുദ്ധാത്മാവിന്റെ കൃപയും
7. പൗരോഹിത്യധർമങ്ങൾ
8. പുരോഹിതൻ പഠിപ്പിക്കുന്നവൻ
9. പുരോഹിതൻ വിശുദ്ധീകരിക്കുന്നവൻ
10. പുരോഹിതൻ നയിക്കുന്നവൻ
11. പൗരോഹിത്യത്തിലേക്കുള്ള വിളി

## പൗരോഹിത്യം പഴയനിയമത്തിൽ

ദൈവം ഇസ്രായേലിനെ പുരോഹിതഗണവും വിശുദ്ധ ജനവുമായി തിരഞ്ഞെടുത്തു ഇസ്രായേലിലെ ലേവീഗോത്രത്തെ ആരാധനാശുശ്രൂഷയ്ക്കായി പ്രത്യേകം നിയോഗിച്ചു.

പഴയനിയമബലികളും പഴയനിയമ പൗരോഹിത്യവും ഈശോയിൽ പൂർത്തിയാക്കപ്പെടാനിരുന്ന പുതിയനിയമത്തിലെ ബലിയുടെയും പൗരോഹിത്യത്തിന്റെയും പ്രതിരൂപങ്ങൾ മാത്രമായിരുന്നു (ഹെബ്രാ 10:1-18).



# പുരോഹിതൻ മുൻപിൽ വയ്ക്കപ്പെട്ടവൻ

❖ പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം മുൻപിൽ വയ്ക്കപ്പെട്ടവൻ എന്നാണ്. ദൈവം മനുഷ്യരുടെ മുൻപിൽ വയ്ക്കുന്ന വ്യക്തിയാണ് പുരോഹിതൻ. ഒപ്പം സഭ ദൈവത്തിന്റെ മുൻപിൽ വയ്ക്കുന്നവനും. നിത്യപുരോഹിനായ ഈശോയുടെ പൗരോഹിത്യത്തിൽ തിരുപ്പട്ടമെന്ന കൂദാശയിലൂടെ പുരോഹിതൻ പങ്കുചേർക്കപ്പെടുന്നു. ഇപ്രകാരം അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ മധ്യവർത്തിയായിത്തീരുന്നു.




# പൊതുപൗരോഹിത്യം

- മാമ്മോദീസായിലൂടെ ഓരോ വ്യക്തിയും ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നു. ഇതാണ് ദൈവജനത്തിന്റെ പൊതുപൗരോഹിത്യം. നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും ബലിയർപ്പണത്തിന്റെ ചൈതന്യത്തിൽ നിർവഹിച്ചുകൊണ്ട് നമുക്ക് ചുറ്റും ജീവിക്കുന്ന മനുഷ്യർക്ക് ഈശോയെ പരിചയപ്പെടുത്തിക്കൊടുക്കാനും അവരെ ദൈവത്തിലേക്ക് ആനയിക്കാനും പൊതുപൗരോഹിത്യം നമ്മെ കടപ്പെടുത്തുന്നു.



# ശുശ്രൂഷാപൗരോഹിത്യം

❖ ദൈവം സഭയിൽ ചിലരെ തെരഞ്ഞെടുത്ത് തന്റെ ശുശ്രൂഷയ്ക്കായി പ്രത്യേകം നിയോഗിക്കുന്നു. ദൈവജനത്തെ നയിക്കാനും പഠിപ്പിക്കാനും വിശുദ്ധീകരിക്കാനുമുള്ള തന്റെ ദൗത്യത്തിൽ ഈശോ അവരെ പങ്കുചേർക്കുന്നു.



# ശ്ലീഹാന്മാരുടെ സഹശുശ്രൂശകർ

❖ ശ്ലീഹന്മാർ തങ്ങൾ സുവിശേഷം പ്രസംഗിച്ചിരുന്നിടത്തെല്ലാം സഹശുശ്രൂഷകരായി പുരോഹിതരെ നിയോഗിച്ചിരുന്നു. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരും കൈവയ്പ്പു ശുശ്രൂഷയിലൂടെയാണ് ഇന്നു പൗരോഹിത്യം കൈമാറുന്നത്. കൈവയ്പ്പുവഴി പരിശുദ്ധാത്മാവിന്റെ പ്രത്യേക കൃപാവരത്താലാണ് തിരുപ്പട്ടം നൽകുന്നത്.



# ശ്ലീഹന്മാരുടെ പിന്തുടർച്ചയും പരിശുദ്ധാത്മാവിന്റെ കൃപയും



- തിരുപ്പട്ടം ശ്ലൈഹികമായ പിൻതുടർച്ചയാണെന്നും പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് അത് പാലിക്കപ്പെടുന്നതെന്നും ഈ പ്രാർത്ഥന വ്യക്തമാക്കുന്നു. പുരോഹിതശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ടിരിക്കുന്ന വ്യക്തി അയോഗ്യനാണെങ്കിലും ദൈവാത്മാവിന്റെ ശക്തി അയാളെ പരിപൂർണനാക്കുന്നു.



# പൗരോഹിത്യധർമങ്ങൾ

❖ സത്യത്തിന്റെ വചനം പ്രസംഗിക്കുക, രോഗികളുടെ മേൽ കൈവച്ച് അവരെ സുഖപ്പെടുത്തുക, നിർമല മനസ്സാക്ഷിയോടുകൂടി വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷിക്കുക, പാപമോചനവും മാമ്മോദീസായും നൽകുക, വിവാഹം ആശീർവദിക്കുക തുടങ്ങിയവയാണ് ഈ പ്രാർത്ഥനയിൽ വ്യക്തമാക്കപ്പെടുന്ന പൗരോഹിത്യധർമങ്ങൾ.









# പുരോഹിതൻ പഠിപ്പിക്കുന്നവൻ

ലോകം കണ്ട് എറ്റവും വലിയ ഗുരുവാണ് അവിടുന്ന്. പരസ്യജീവിതകാലം മുഴുവൻ പ്രബോധനത്തിനുവേണ്ടിയാണ് അവിടുന്ന് ഉപയോഗിച്ചത്. ദൈവാലയവും, സിനഗോഗും, മലമുകളും, താഴ്‌വരകളും, വയലുകളും, കടൽത്തീരങ്ങളും എല്ലാം അവിടുത്തെ പ്രബോധനവേദികളായിരുന്നു. ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്ന പുരോഹിതനും പഠിപ്പിക്കുവാൻവേണ്ടി വിളിക്കപ്പെട്ടവനാണ്.



- ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്ന പുരോഹിതനും പഠിപ്പിക്കാൻ വേണ്ടി വിളിക്കപ്പെട്ടവനാണ്. തിരുസഭയുടെ പഠനങ്ങളോട് ചേർന്നു നിന്നുവേണം വൈദികൻ ഈ ദൗത്യം നിറവേറ്റാൻ.

## പുരോഹിതൻ വിശുദ്ധീകരിക്കുന്നവൻ

❖ ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്ന പുരോഹിതൻ ദൈവജനത്തെ വിശുദ്ധീകരിക്കുവാനായി വിളിക്കപ്പെട്ടവനാണ്. വിശുദ്ധീകരിക്കുന്ന കർമങ്ങളായ വിശുദ്ധ കുർബാനയുടെയും പരികർമത്തിലൂടെയാണ് പ്രധാനമായും പുരോഹിതർ ഈ ദൗത്യം നിറവേറ്റുന്നത്. പുരോഹിതന്റെ വിശ്വാസജീവിതവും, പ്രാർത്ഥനയും എല്ലാം ദൈവജനത്തിന്റെ വിശുദ്ധീകരണത്തിന് കാരണമായിത്തീരും.





# പുരോഹിതൻ നയിക്കുന്നവൻ


- അവിടുത്തെപ്പോലെ അജഗണത്തെ കൃപാവരത്തിന്റെ മേച്ചിൽപുറങ്ങളിലേക്കും അവസാനം സ്വർഗത്തിലേക്കും നയിക്കേണ്ടവനാണ് പുരോഹിതൻ. അവന്റെ നേതൃത്വം ശുശ്രൂഷയുടെ നേതൃത്വമാണ്; അധികാരത്തിന്റേതല്ല.





# പൗരോഹിത്യത്തിലേക്കുള്ള വിളി

- കൂദാശകളുടെ അടുത്തടുത്തുള്ള സ്വീകരണം, വിശുദ്ധ ഗ്രന്ഥപാരായണം തുടങ്ങിയവ ദൈവവിളി പരിപോഷിപ്പിക്കാനുള്ള മാർഗങ്ങളാണ്.



# ദൈവവചനം

## വായിക്കാം, ധ്യാനിക്കാം

(2 തിമോ. 1:3-14)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയ ല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയില്ല**

(ഹെബ്രാ. 5:4).

# നമുക്കു പ്രാർത്ഥിക്കാം

തന്റെ വിളഭൂമിയിലേക്കു വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ എന്നരുളിച്ചെയ്ത ഈശോയേ, ധാരാളം വൈദികരെയും സമർപ്പിതരെയും അല്മായപ്രേഷിതരെയും തിരുസഭയ്ക്കു പ്രദാനം ചെയ്യണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# എന്റെ തീരുമാനം

ഞാൻ എല്ലാ ദിവസവും വൈദികർക്കുവേി പ്രാർത്ഥിക്കും.

## സഭാപിതാക്കന്മാർ പറയുന്നത്

തിരുപ്പട്ടസ്വീകരണംവഴി വൈദികർ നിത്യപുരോഹിതനായ മിശിഹായുടെ പുരോഹിതരൂപം കൈക്കൊള്ളുന്നു. ശിരസ്സായ മിശിഹായുടെ ശുശ്രൂഷികളും മെത്രാന്മാരുടെ സഹപ്രവർത്തകരുമെന്ന നിലയിൽ മിശിഹായുടെ പൂർണ്ണശരാരമായ സഭ കെട്ടിപ്പെടുക്കുന്നതിൽ വൈദികർ വ്യാപൃതരായിരിക്കണം. എല്ലാ ക്രൈസ്തവരെയുംപൊലെ അവരും ജ്ഞാനസ്നാനപ്രതിഷ്ഠയിൽ ദൈവവിളിയുടെയും ദൈവപ്രസാദത്തിന്റെയും അടയാളവും ദാനവും സ്വീകരിച്ചിരിക്കുന്നു. അതിനാൽ മാനുഷികമായ ബലഹീനതയ്ക്കധീനരെങ്കിലും പുണ്യപൂർണ്ണത പ്രാപിക്കാൻ അവർ പ്രാപ്തരാകുന്നു (വൈദികർ 12).

Thank you